**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2265** **12-02-2024 - ൽ മറുപടിയ്ക്ക്**

**എരുമപ്പെട്ടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ കെട്ടിട നിർമ്മാണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തിയ എരുമപ്പെട്ടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ കെട്ടിട നിർമ്മാണ പുരോഗതി വിശദമാക്കാമോ; | (എ) | G.O(Rt)No.224/2019/H&FWD തീയതി 30.01.2019 പ്രകാരം നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി 720 ലക്ഷം രൂപക്ക് എരുമപ്പെട്ടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന് ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണ പുരോഗതി ചുവടെ ചേർക്കുന്നു.<br><br>ഐ.പി. ബ്ലോക്ക് - ഫ്ളോറിൻറെ ടൈൽ വർക്ക്, പ്ലംബിംഗ് വർക്ക് എന്നിവ പൂർത്തിയായി.<br><br>ഒ.പി. ബ്ലോക്ക് - ഇലക്ട്രിക്കൽ വർക്ക് പുരോഗമിക്കുന്നു.<br><br>ക്വാർട്ടേഴ്സ് കെട്ടിടത്തിൻറെ ഫാബ്രിക്കേഷൻ വർക്കുകൾ പുരോഗമിക്കുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ കരാർ കാലാവധി എന്ന് വരെയാണെന്നും കാലാവധിയ്ക്കകം പ്രവൃത്തി പൂർത്തീകരിക്കുമോ എന്നും വ്യക്തമാക്കാമോ; | (ബി) | പ്രവൃത്തിയുടെ കരാർ കാലാവധി 2024 മാർച്ച് 31 വരെയാണ്. കാലാവധിക്കകം പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | കെട്ടിടം പണി പൂർത്തീകരിക്കുന്ന മുറയ്ക്ക് ഇവിടെ ഉണ്ടായിരുന്ന കിടത്തി ചികിത്സ പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുമോ; | (സി) | കിടത്തി ചികിത്സ ആരംഭിക്കാൻ നിലവിലുള്ള സ്റ്റാഫ് സ്റ്റെങ്ങ്ത്ത് പര്യാപ്തമല്ല. അധിക തസ്തികകൾ ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്. |
| (ഡി) | കിടത്തി ചികിത്സക്ക് ആവശ്യമായ ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | കിടത്തി ചികിത്സ ആരംഭിക്കാൻ നിലവിലുള്ള സ്റ്റാഫ് സ്റ്റെങ്ങ്ത്ത് പര്യാപ്തമല്ല. അധിക തസ്തികകൾ ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ